ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യബന്ധനത്തിനു പോകാൻ കഴിയാതിരിക്കുന്നതിനാൽ തീരദേശത്തുണ്ടായിരിക്കുന്ന പട്ടിണിയും വറുതിയും മാറ്റുന്നതിന് ആദ്യം ഒരു മാസത്തെ സൗജന്യ റേഷൻ അനുവദിക്കുകയും വീണ്ടും ഒരു മാസത്തേയ്ക്കു കൂടി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യബന്ധനം പുനരാരംഭിക്കുന്നതിനുവേണ്ട മത്സ്യബന്ധനോപകരണങ്ങൾ നൽകുന്നതിന് 13.85 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിക്കുകയും 22-1-2005 മുതൽ ആലപ്പുഴ, എറണാകുളം, കൊല്ലം ജില്ലകളിൽ മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്തു തുടങ്ങിയിട്ടുമുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പരുക്കേറ്റവർക്കും മരിച്ചവരുടെ ആശ്രിതർക്കും അർഹതപ്പെട്ട ധനസഹായവും നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കടൽമത്സ്യ ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന് സംസ്ഥാന സർക്കാർ, ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ കേന്ദ്ര മത്സ്യ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞന്മാരുമായി ചർച്ച നടത്തുകയും പത്രസമ്മേളനം നടത്തി, വാർത്താമാദ്ധ്യമങ്ങൾ ഈ വിഷയത്തെപ്പറ്റി വിശദീകരിച്ചുകൊടുക്കുകയും ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള ഭയാശങ്കകൾക്ക് വകയില്ല എന്ന വിവരം അറിയിക്കുകയും എല്ലാ വാർത്താ മാദ്ധ്യമങ്ങളും ഈ കാര്യം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

(ഡി) മത്സ്യബന്ധന-വിൽപ്പന രംഗത്തുള്ളവരെ മുഴുവനും സംരക്ഷിക്കുന്നതിനും വിൽപ്പനരംഗത്തെ മാദ്യം പരിഹരിക്കുന്നതിനുമായി ജനങ്ങളുടെയിടയിൽ വേണ്ട ബോധവൽക്കരണം നടത്തുകയും, മത്സ്യബന്ധനം പുനരാരംഭിക്കുന്നതിന് മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

മത്സ്യസമ്പത്തിൽ വന്ന കുറവ് സംബന്ധിച്ച് ശാസ്ത്രീയ പഠനം

102 [289] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം കേരളത്തിൽ ലഭ്യമായിക്കൊണ്ടിരിക്കുന്ന മത്സ്യസമ്പത്തിൽ കുറവ് വന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിനെക്കുറിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സമുദ്ര മത്സ്യഗവേഷണ കേന്ദ്രം ഇതു സംബന്ധിച്ച പഠനം നടത്തിവരുന്നു.

(സി) കേന്ദ്ര മത്സ്യഗവേഷണ കേന്ദ്രം നടത്തുന്ന പഠനത്തിന്റെ റിപ്പോർട്ട് സംസ്ഥാനത്തിന് ലഭിക്കുമെന്നതിനാൽ മറ്റൊരു പഠനത്തിന് പ്രസക്തിയില്ല.

സുനാമി ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളികൾക്കുള്ള ആശ്വാസ നടപടികൾ

103 [291] ശ്രീ. പി. കെ. കെ. ബാവ:
" ചെർക്കളം അബ്ദുള്ള:
" ഇസ്ഹാക് കുരിക്കൾ:
" കളത്തിൽ അബ്ദുള്ള:
" നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനിരയായ പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് നൽകിയിട്ടുള്ളത്;

(ബി) പാർപ്പിടവും മറ്റ് കുടുംബ വസ്തുക്കളും നഷ്ടപ്പെട്ടവയ്ക്ക് പകരം പര്യാപ്തമായ സഹായം ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പര്യാപ്തമല്ലെങ്കിൽ നിശ്ചയിച്ച ധനസഹായം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൗജന്യറേഷൻ, നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്ക് പകരം മത്സ്യബന്ധന ഉപകരണങ്ങൾ എന്നിവ നൽകുക, മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക നൽകുക, അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് തുകയും ധനസഹായവും നൽകുക, മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക നൽകുക, പരുക്കേറ്റവർക്ക് ധനസഹായം നൽകുക, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒരു മാസത്തെ മത്സ്യത്തൊഴിലാളി വിഹിതം നൽകുക, തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയിട്ടുള്ള വായ്പകളുടെ തിരിച്ചടവ് ആറു മാസത്തേയ്ക്ക് നീട്ടിവയ്ക്കുക എന്നിവയാണ് അടിയന്തിരാശ്വാസമായി അനുവദിച്ചിട്ടുള്ളത്.

(ബി ആന്റ് സി) പാർപ്പിട പുനർനിർമ്മാണവും അനുബന്ധ സഹായങ്ങളും റവന്യൂ വകുപ്പിന്റെ മേൽനോട്ടത്തിൽ ലഭ്യമാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly